# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1006** — **07/02/2013**-ൽ മറുപടിക്ക്

### തൃശ്ശൂർ മൃഗശാല പുത്തൂരിലേയ്ക്ക് മാറ്റി സ്ഥാപിക്കൽ

ചോദ്യം — ഉത്തരം

ശ്രീമതി. ഗീതാ ഗോപി

കുമാരി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് തൃശ്ശൂർ മൃഗശാല പുത്തൂരിലേയ്ക്ക് സ്ഥലം കണ്ടെത്തി മാറ്റി സ്ഥാപിക്കുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദീകരിക്കുമോ ; | (എ) | 24/2/2012 ലെ സർക്കാർ ഉത്തരവ് (MS) 16/2012/F and WLD നമ്പർ ഉത്തരവ് പ്രകാരം തൃശ്ശൂർ മൃഗശാലയെ പുത്തൂരിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനും അതിനാവശ്യമായ മാസ്റ്റർ പ്ളാൻ തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതിനും ഉത്തരവ് പുറപ്പെടുവിക്കുകയും അതു പ്രകാരം മൃഗശാല നിർമ്മാണത്തിൽ വിദഗ്ധരുടെ സഹായത്തോടെ ഒരു മാസ്റ്റർ ലേ ഔട്ട് തയ്യാറാക്കി കേന്ദ്ര മൃഗശാല അതോറിറ്റിയിൽനിന്നും അംഗീകാരം വാങ്ങിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പുത്തൂരിലെ നിർദ്ദിഷ്ട സ്ഥലത്ത് നിർമ്മാണ ജോലികൾ നടന്നുവരുന്നുണ്ടോ; സമയബന്ധിതമായി മാറ്റി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ബി) | നിർദ്ദിഷ്ട സ്ഥലത്ത് നിർമ്മാണ ജോലികൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | എന്ന് മാറ്റി സ്ഥാപിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ? | (സി) | തൃശ്ശൂർ മൃഗശാലയെ പുതിയ സ്ഥലത്തേക്ക് ഘട്ടംഘട്ടമായി അഞ്ച് വർഷംകൊണ്ട് മാറ്റി സ്ഥാപിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.